# മുടി എന്ന കൊടിയടയാളം

## ഒരുപക്ഷേ, മനുഷ്യശരീരത്തിൽ ഏറ്റവും ശ്രദ്ധേയവും വൈവിദ്ധ്യവുമാർന്ന പരിണാമങ്ങൾക്കു വിധേയമായ ഭാഗമാണ് തലമുടി

■ ഡോ. ഡെസ്മണ്ട് മോറിസ് / പരിഭാഷ : കെ. കുഞ്ഞികൃഷ്ണൻ

മനുഷ്യശരീരത്തിലെ ഏറ്റവും വിചിത്രമായ ഭാഗമാണ് തലമുടി. ബ്രഷും, ചീപ്പും, കത്രികകളും, കത്തികളും, തൊപ്പിയും തുണിയുമില്ലാതിരുന്ന കാലത്തെപ്പറ്റി ആലോചിച്ചു നോക്കൂ. പത്തുലക്ഷം കൊല്ലങ്ങൾക്ക് മുൻപ് തലയിലെ നീണ്ടുവളർന്ന മുടിയുമായി മനുഷ്യർ ഏറെക്കുറെ നഗ്നരായി ഓടി നടക്കുകയായിരുന്നു. ദേഹത്തിലേയും കൈകാലുകളിലേയും രോമങ്ങൾ ചുരുങ്ങി ഏതാണ്ടില്ലാതായി, അവരുടെ ചർമ്മം മുഴുവനായി കാണാമായിരുന്നു. തലയിലെ രോമങ്ങൾ മാത്രം തഴച്ചു വളർന്ന് ആടുന്ന വസ്ത്രം പോലുള്ള രോമക്കെട്ടായി അനലംകൃതവും രൂപഭംഗിയില്ലാത്തതുമായ അവയെ മറ്റു സസ്തനികൾ അദ്ഭുതപൂർവ്വം നോക്കി നിന്നിരിക്കാം. ഇത് എന്തുതരം വാനരനാണ്?


എന്തുകൊണ്ടാണ് മനുഷ്യജീവജാതിക്ക് ഇങ്ങനെ അസാധാരണമായി രോമക്കെട്ട് എന്ന സമസ്യയുടെ പരിഹാരം ചോദ്യത്തിൽ തന്നെയുണ്ട്. മറ്റു സസ്തനി ജീവജാതികളിൽനിന്ന് അത് മനുഷ്യരെ വ്യത്യസ്തരാക്കി. അത് നമ്മുടെ ജീവജാതിയുടെ പ്രത്യേകമായ അടയാളമായി; ദൂരെനിന്നേ അത് കാണാൻ പറ്റുമായിരുന്നു. മിനുത്ത ശരീരത്തിന്റെ നെറുകയിലെ രോമം നമ്മെ മനുഷ്യരാക്കി വേർതിരിച്ചു. അമിതമായ നീണ്ടമുടി ഒരു കൊടിയടയാളംപോലെയായി.

ഇപ്പോൾ തലയിലെ മുടി ഒരു ലിംഗസൂചനയായി ഫാഷൻ അടയാളമായിത്തീർന്നിരിക്കുന്നു. അതിനാൽ, പഴയകാര്യങ്ങൾ മറക്കാൻ എളുപ്പമാണ്. എല്ലാ സംസ്കാരങ്ങളിലും സ്ത്രീകൾ അവരുടേതായ രീതിയിലും പുരുഷന്മാർ തങ്ങളുടെ രീതിയിലും തലമുടി അണിയിക്കുന്നു. ഈ പ്രവണത സർവ്വവ്യാപകമാണ്. ആണുങ്ങളിൽ കഷണ്ടിയുണ്ടായിത്തുടങ്ങുന്നതിന് മുൻപ്, പുരുഷന്മാരുടേയും സ്ത്രീകളുടേയും ശിരോരോമഘടന ഒരുപോലെയാണ്. പുരുഷന്മാർക്ക് ലിംഗരോമചിഹ്നങ്ങൾ വേറെയുമുണ്ട്. മീശ, താടി, നെഞ്ചിലെ രോമങ്ങൾ എന്നിങ്ങനെ. പക്ഷേ, ഏറ്റവും കൂടുതൽ തഴച്ചുവളരുന്ന തലയിൽ നമുക്ക് പൂർണ്ണ ലൈംഗികസമത്വമുണ്ട്. കുട്ടിക്കാലത്തും കൗമാരപ്രായത്തിലും തലയിലെ പ്രകടമായ മുടി പൗരുഷമോ, സ്ത്രീത്വമോ പ്രകടിപ്പിക്കുന്നില്ല. അത് മാനവീയമാണ്; ഒരു വ്യതിരിക്ത ജീവജാതിയായി നാം പരിണമിച്ചപ്പോൾ അത് മറ്റ് പ്രൈമേറ്റു ബന്ധുക്കളിൽനിന്നും നമ്മെ വ്യത്യസ്തരാക്കി.

### ആദിമകാലത്തെ കേശഭാരം

ഇത് അവിശ്വസനീയമായി തോന്നുന്നുണ്ടെങ്കിൽ മറ്റ് വാനരന്മാരുടേയും, കപികളുടേയും രോമരീതി നോക്കിയാൽ മതി. തലയിലെ മറ്റ് രോമഭാഗങ്ങളിൽനിന്ന് വ്യത്യസ്തമായി ചിലവയ്ക്ക് വിസ്മയകരമായ വർണ്ണമകുടരോമങ്ങളുണ്ട്. ചിലവയ്ക്ക് നീണ്ട മീശരോമങ്ങളുണ്ട്. മറ്റ് ചിലവയ്ക്ക് കൗതുകമുള്ള താടിരോമങ്ങളുണ്ട്, ചിലവ കഷണ്ടികളാണ്. തലയിലെ രോമങ്ങളുടെ വ്യത്യാസം പ്രത്യേകാടയാളങ്ങളാവുന്നത് പ്രൈമേറ്റുകളിൽ സാധാരണമാണ്. അതിനാൽ നമ്മുടെ ജീവജാതി അത് ഒരു തിരിച്ചറിയൽ തന്ത്രമായി ഉൾക്കൊള്ളിച്ചതിൽ അദ്ഭുതമില്ല. അത് ഇപ്പോഴത്തെ സ്ഥിതിവരെ എത്തി എന്നതാണ് അദ്ഭുതം. വേണ്ടത്ര സാങ്കേതിക പുരോഗതി നേടിയപ്പോൾ, മുടിയെ ആക്രമിക്കാൻ നമുക്ക് കത്തിയും കത്രികകളും കിട്ടിയപ്പോൾ, അതിന്റെ വളർച്ച തടഞ്ഞ് പല വിധത്തിലുമാക്കി, അദ്ഭുതാവഹമായ രീതികളിൽ അതിനെ നാം നുറുക്കുകയും മുറിക്കുകയും ചെയ്തു. ക്ഷൗരം ചെയ്യുകയും കെട്ടിവെക്കുകയും ചെയ്തു. അതിനെ മെടയുകയും പിരിക്കുകയും ചെയ്തു. അതിനെ തൊപ്പിക്കുള്ളിലാക്കി. ആദിമകാലത്തെ കേശഭാരം ഇനി താങ്ങാൻ പറ്റില്ലെന്ന രീതിയിലാണ് നാം പെരുമാറിയത്. മുളച്ചുവരുന്ന മുടിച്ചുരുളുകളുടെ ഭാരം കുറയ്ക്കേണ്ടിയിരുന്നു.

നാം മുടി വിരുദ്ധരായി എന്ന് ഇതിൽനിന്ന് അനുമാനിക്കരുത്. പഴയരീതിയിൽനിന്ന് നാം പുതിയ രീതിയിലേക്ക് സമർത്ഥമായി മാറി. ആദിമകാലസ്ഥിതിഗതികളിൽ, നമ്മുടെ ജീവജാതിയെ തിരിച്ചറിയാൻ മുടിയുടെ പരിമാണം മതിയായിരുന്നു. മുടി നമ്മെ തീർത്തും വ്യത്യസ്തരാക്കി, തിരിച്ചറിയൽ എളുപ്പമായി, പക്ഷേ, അത് ദുർവഹമായിരുന്നു, മുടിക്ക് രൂപഭംഗി നൽകാൻ കഴിയുന്ന സ്ഥിതിയിൽ മനുഷ്യർ എത്തിയപ്പോൾ അത് പ്രകടമാക്കുന്നതിന് നാം പല രീതികളും കണ്ടെത്തി. പലതരം ആകൃതികളും അലങ്കാരങ്ങളും നിറങ്ങളും മുടിക്ക് നൽകി. അതേസമയം അതിന്റെ ഭാരവും കുറച്ചു. ആധുനികകാലത്തെ



കേശാലങ്കാരത്തിലും അരാജകത്വം

അനുസാരികളായ തൊപ്പികളുടേയും, കൃത്രിമകേശത്തിന്റേയും, കേശാലങ്കാരങ്ങളുടേയും ഇടയിൽനിന്ന നമുക്ക് പ്രവർത്തനക്ഷമമായ തലമുടി ആവിഷ്ക്കരിക്കാം. കൂടാതെ വിചിത്രമായ തലമുടി പ്രദർശനങ്ങളും നടത്താം.

## ഒരുലക്ഷം മുടിയുള്ള മനുഷ്യൻ

പുതിയ പ്രവണതകളെക്കുറിച്ച് പ്രതിപാദിക്കുന്നതിനുമുമ്പായി, അസംസ്കൃതവസ്തുവായ മുടിയെക്കുറിച്ച് അറിയുക പ്രധാനമാണ്. ഒരു മനുഷ്യന്റെ തലയിൽ ശരാശരി ഒരു ലക്ഷം മുടികളുണ്ട്. കറുത്തവർക്കുള്ളതിനേക്കാൾ തലമുടി വെളുത്തവർക്കുണ്ട്. സ്വർണവർണമുടിയുള്ളവർക്ക് തലയിൽ 1,40,000 രോമങ്ങളുണ്ട്, തവിട്ടുനിറമുള്ള തലമുടിയിൽ രോമങ്ങൾ 1,08,000 ആയിരിക്കും. പക്ഷേ, ചുവന്ന തലമുടിയുള്ള രോമങ്ങൾ 90,000–ൽ കൂടുതൽ ഉണ്ടാവില്ല. ഓരോ മുടിയും വളരുന്നത് ഒരു രോമകൂപത്തിൽനിന്നാണ്; അതിന് ചർമ്മത്തിൽ ഒരു ചെറുമുഴയുണ്ട്. ഈ ചെറിയ പേശീതന്തുവാണ് മുടിനിർമ്മാതാവ്. അതിൽ ധാരാളം രക്തധമനികളുണ്ട്.

മുടി നിർമ്മാണത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾ അതിൽനിന്ന് ലഭിക്കുന്നു. ചെറുമുഴകളിൽ അവ രോമകോശങ്ങളാവുകയും, പുതിയ കോശങ്ങൾ പഴയവയെ മേൽപ്പോട്ട് തള്ളുകയും അങ്ങനെ മുടി നീണ്ട് വളരുകയും ചെയ്യുന്നു. ചർമ്മ പ്രതലത്തിന് തൊട്ടുകീഴെയുള്ള രോമമൂലം നീളുന്നു; ഈ ചെറിയ സഞ്ചിയിൽ രോമം പുറത്തേക്ക് വരുന്നു. അപ്പോൾ അത് ഉറപ്പുള്ളതാവുന്നു. പുറത്ത് കാണുന്ന നീണ്ടു നീണ്ടു വരുന്ന രോമം മുടിത്തണ്ടാവുന്നു. ഈ മുടി ഒരു ദിവസംകൊണ്ട് ഒരു മില്ലിമീറ്ററിന്റെ മൂന്നിലൊന്ന് ഭാഗം വളരും.

പ്രായവും ആരോഗ്യവുമനുസരിച്ചാണ് മുടിയുടെ വളർച്ചയുടെ വേഗത. വാർദ്ധക്യം, രോഗം, ഗർഭം, തണുത്ത കാലാവസ്ഥ എന്നീ സ്ഥിതികളിൽ വളർച്ച ഏറ്റവും സാവധാനത്തിലാവും. ഗുരുതരമായ രോഗബാധയുടെ ശമനത്തിനുശേഷമാണ് മുടി ഏറ്റവും വേഗത്തിൽ വളരുന്നത്, രോഗകാലത്ത് വളർച്ച നഷ്ടപ്പെട്ടതിന്റെ നഷ്ടപരിഹാരമെന്ന നിലയിൽ. ആരോഗ്യവാന്മാരായ യുവാക്കളിൽ, പതിനാറിനും ഇരുപത്തിനാല് വയസ്സിനുമിടയ്ക്കാണ് രോമം ഏറ്റവും വേഗത്തിൽ വളരുന്നത്. ഈ പ്രായത്തിൽ ഒരു വർഷം മുടി ഏഴംഗുലം (17.7 സെന്റീമീറ്റർ) വരെ വളരും; വളർച്ചയുടെ പൊതുശരാശരി ഒരു വർഷം അഞ്ചംഗുലം (12.7 സെന്റീമീറ്റർ) ആണ്.

ഒരൊറ്റ മുടിയുടെ ആയുസ്സ് ഏകദേശം ആറ് കൊല്ലമാണ്. അതിന്റെ അർത്ഥം ആരോഗ്യവാനായ ഒരു യുവാവിന്റെ മുടി വെട്ടിയില്ലെങ്കിൽ, കൊഴിഞ്ഞു പുതിയതൊന്നു വരുന്നതിന് മുമ്പ് 42 അംഗുലം (106.6 സെ.മീ) വളരുമെന്നാണ്. അതായത് ഒരു യുവാവിന്റേയോ യുവതിയുടേയോ മുടി ഒരിക്കലും മുറിക്കാതെ വളരാനനുവദിച്ചാൽ മുട്ടോളമെത്തുന്ന തലമുടി അവർക്കുണ്ടാകും.

ക്രമാതീതമായ നീളത്തിന്നു പുറമെ മനുഷ്യരുടെ മുടിയുടെ ഒരു പ്രത്യേകത, മറ്റ് പല ജന്തുക്കളിലും സംഭവിക്കുന്നതുപോലെ, ഒരു പ്രത്യേകകാലത്ത് അവ കൊഴിഞ്ഞു പോകുന്നില്ലെന്നതാണ്. വേനൽകാലാരംഭത്തിൽ മുടി പൊഴിയാൻ തുടങ്ങി തണുപ്പുകാലത്ത് അത് കുറേശ്ശെ വളർന്ന് പിന്നീട് ഒരു നല്ല പൊതിഞ്ഞുനില്ക്കുന്ന മുടിയുണ്ടാവുക: പക്ഷേ, ഒന്നും സംഭവിക്കുന്നില്ല. ഓരോ മുടിക്കും അതിന്റേതായ സ്വതന്ത്രമായ ജീവിതചക്രമുണ്ട്. ഏതു സമയത്തും തലയിൽ തൊണ്ണൂറ് ശതമാനം മുടിയും വളർന്നുകൊണ്ടിരിക്കുകയാണ്, പത്ത് ശതമാനം വിശ്രമത്തിലാണ്. വിശ്രമത്തിലുള്ളവ

മറ്റുള്ളവയുടെ കൂട്ടത്തിൽച്ചേർന്നു കിടക്കുകയാണ്. അവ കൊഴിഞ്ഞു പോകുന്നതിന് മുമ്പ് ഇത്തരം നിഷ്ക്രിയാവസ്ഥയിൽ മൂന്നു മാസത്തോളം ഉണ്ടാവും. ഇതിന്റെ അർത്ഥം നമ്മുടെ മുടിയിൽനിന്ന് അൻപത് മുതൽ നൂറുവരെ എണ്ണം എല്ലാ ദിവസവും കൊഴിഞ്ഞുപോവുമെന്നതാണ്.

മുടി കൊഴിഞ്ഞുപോവുമ്പോൾ അതിന്റെ നീണ്ട തണ്ടും ലഘുമൂലവും വേർപിരിയും. ലഘുഗ്രന്ഥിയുടെ കീഴറ്റത്തുള്ള ചെറുമുഴ അതേപോലെ നിൽക്കും. ചെറിയ രോമമുകുളം അപ്പോൾ രൂപംകൊള്ളാൻ തുടങ്ങും, അത് ആറു കൊല്ലം വളർന്നുകൊണ്ടേയിരിക്കും. പിന്നെ വളർച്ച നിലയ്ക്കും. വളർച്ചയുടെ കോശങ്ങൾ നിഷ്ക്രിയവും സുപ്തവുമാകും. മൂന്നുമാസത്തെ വിശ്രമസമയത്തിനുശേഷം പഴയമുടി കൊഴിയുകയും ചെയ്യും. ഓരോ ആറു കൊല്ലത്തിലും ഈ പ്രക്രിയ ആവർത്തിച്ചുകൊണ്ടേയിരിക്കും.

ഇപ്പോൾ നമ്മുടെ ശരാശരി ആയുഷ്ക്കാലം വർദ്ധിച്ചതിനാൽ ഓരോ ചെറുമുഴയും പന്ത്രണ്ട് തവണ പുതിയ മുടിക്ക് രൂപം നല്കും; ഓരോ മുടിക്കും നല്ല നീളമുണ്ടാകും. ഒരു രോമഗ്രന്ഥിയിൽനിന്ന് പന്ത്രണ്ട് മുടിരോമം അങ്ങിനെയുണ്ടാകും. സുപ്താവസ്ഥയുണ്ടായിരുന്നില്ലെങ്കിൽ ഓരോ മനുഷ്യനും മുപ്പത് അടി വരെ നീളത്തിലുള്ള മുടി വളരും. ഈ വിചിത്രാവസ്ഥ ഒരിക്കൽ പോലും സംഭവിച്ചതായി അറിവില്ല. ഇന്ത്യയിൽ ചെന്നൈയ്ക്കടുത്തുള്ള ഒരു ആശ്രമത്തിലെ സന്ന്യാസിയായ പണ്ഡാരസന്നിധിയ്ക്ക് ഇരുപത്താറ് അടി (7.49 മീറ്റർ) നീളത്തിൽ ചീകിവയ്ക്കാത്ത തലമുടി ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ട്.

ഇതിന് നേരെ വിപരീതമായ അവസ്ഥ മുടി വളരുന്നത് സ്ഥിരമായി നിലയ്ക്കുന്നത്, വളരെ സാധാരണമാണ്. ചെറുപ്പത്തിൽ ഒരിക്കലും അങ്ങിനെ സംഭവിക്കുകയില്ല. ലൈംഗികവളർച്ച പൂർണമാവുമ്പോൾ, നമ്മുടെ തലയിലും അസാധാരണമായ കാര്യങ്ങൾ സംഭവിക്കുന്നു. ലൈംഗിക ഹോർമോണുകൾ ശരീരത്തിൽ സൃഷ്ടിക്കുന്ന ആധിക്യം ചില മുടിഗ്രന്ഥികളെ പ്രവർത്തനരഹിതമാക്കുന്നു. തലയുടെ വശങ്ങളിലുള്ളവ ഇതിൽ നിന്നും ഒഴിവാണ്. പക്ഷേ, നിറുകയിലുള്ളവയുടെ പ്രവർത്തനം ഹോർമോൺ ആധിക്യം തടയുന്നു. മുടിയിഴകൾ കൊഴിയുമ്പോൾ പകരം വരേണ്ടവ വളരുന്നില്ല. മൂന്നുമാസം സുപ്താവസ്ഥയിൽ കഴിഞ്ഞാൽ പിന്നെ വളരേണ്ട ചെറുമുഴകൾ സ്ഥിരമായി സുപ്താവസ്ഥയിലാവുന്നു.



## കഷണ്ടിക്കാരും നരയന്മാരും

കഷണ്ടിയുടെ വളർച്ച ക്രമേണയായി നടക്കുന്ന ഒരു പ്രക്രിയയാണ്. പല പുരുഷന്മാർക്കും ഇത് ഉണ്ടാവുകയേ ഇല്ല. അഞ്ചിലൊരാൾക്ക് കൗമാരം കഴിഞ്ഞയുടനെ കഷണ്ടി ബാധിച്ചു തുടങ്ങും. ആദ്യഘട്ടത്തിൽ ആർക്കും അത് കണ്ടെത്താനാവുകയില്ല. മുപ്പത് വയസ്സാകുമ്പോഴേ കഷണ്ടി ബാധിക്കുന്നവരിൽ ഇരുപത് ശതമാനവും എന്താണ് സംഭവിക്കുന്നതെന്ന് തിരിച്ചറിയൂ. അൻപത് വയസ്സാകുമ്പോഴേക്കും അറുപത് ശതമാനം വെള്ളക്കാരിലും ഏതെങ്കിലും വിധത്തിൽ കഷണ്ടി നിമിത്തം തലമുടി പൊഴിഞ്ഞിരിക്കും. മറ്റു വർഗക്കാരിൽ ഇത് താരതമ്യേന കുറവാണ്.

വളരെയേറെ പടർന്ന കഷണ്ടിക്ക് നാലു പാരമ്പര്യ മാർഗങ്ങളുണ്ട്. അവ വിധവയുടെ മൂർദ്ധന്യം, സന്ന്യാസിത്തുണ്ട്, ഗോപുരനെറ്റി, നഗ്നശീർഷം എന്നീ പേരുകളിൽ അറിയപ്പെടുന്നു. വിധവയുടെ മൂർദ്ധന്യത്തിൽ തലമുടി കൂടുതൽ കൂടുതലായി ചെന്നികളിൽ നിന്നും പിൻവാങ്ങുന്നു.

തലയുടെ കേന്ദ്രരേഖയിൽ ഒരു തുണ്ട് മുടിയേ ബാക്കിയുണ്ടാവൂ. സന്ന്യാസിത്തുണ്ടിൽ തലയുടെ മുൻഭാഗത്ത് ഒരുതുണ്ടുമുടി ബാക്കിയുണ്ടാവും. കഷണ്ടി ശിഖയുടെ മൂർദ്ധാവിൽനിന്നും മുമ്പോട്ടുകയറി പടർന്നുകൊണ്ടിരിക്കും. ഗോപുരനെറ്റിയിൽ മുൻഭാഗത്തെ മുടിവരെ കയറിക്കൊണ്ടേയിരിക്കും; അത് പിന്നീട് കയറും. നഗ്നശീർഷത്തിൽ മുടി തലയുടെ ഉച്ചിയിൽനിന്നും വേഗത്തിലും വശങ്ങളിൽനിന്ന് സാവധാനത്തിലും നഷ്ടപ്പെട്ടുകൊണ്ടിരിക്കും. വിധവയുടെ മൂർദ്ധന്യകഷണ്ടിക്ക് വിപരീതമായാണ് തലമുടിനഷ്ടം.

കാര്യങ്ങൾ സങ്കീർണമാക്കാൻ ഈ നാലുതരം കഷണ്ടികളും ഒരാളിൽതന്നെ ഒരുമിച്ചെന്നിരിക്കും. അതിനാൽ ചിലപ്പോൾ ചിലരിൽ രണ്ടുതരം കഷണ്ടികളും ഉണ്ടാവും. ജനിതകഘടകങ്ങൾ ഈ വ്യത്യാസങ്ങളെ നിയന്ത്രിക്കും. കഷണ്ടിക്കാരൻ തന്റെ പൂർവ്വികരുടെ ഫോട്ടോകളോ പെയി

ന്റിംഗുകളോ നോക്കിയാൽ ഒരു കുടും ബപാരമ്പര്യമാണ് കഷണ്ടിമൂലമുള്ള മുടിനഷ്ടത്തിൽ സംഭവിക്കുന്നതെന്നു വ്യക്തമാകും.

ശക്തമായ പുരുഷലൈംഗികഹോർ മോണുകളുമായി കഷണ്ടി ബന്ധപ്പെട്ടി രിക്കുന്നതിനാൽ പ്രായം കൂടുന്നതിന നുസരിച്ച് പുരുഷന്റെ മൂപ്പവകാശവും പ്രാധാന്യവും കഷണ്ടി വ്യക്തമാക്കും. ആണത്തമുള്ള പുരുഷന്റെ ലക്ഷണ മാണ് കഷണ്ടി സൂചിപ്പിക്കുന്നത്; മുടി കൂടുതലുള്ള പ്രായം കുറഞ്ഞവരിൽ നിന്നും കഷണ്ടിക്കാരനെ അത് വേർ തിരിക്കുന്നു.

കാലം കഴിയുമ്പോൾ, ആണു ങ്ങൾ വൃദ്ധരാകുമ്പോൾ, ലൈംഗിക വാഞ്ഛക്ക് തളർച്ചയുണ്ടാവുന്നു. യുക്തിപരമായി കഷണ്ടിത്തലയിൽ അപ്പോൾ രോമങ്ങൾ മുളയ്ക്കേണ്ട താണ്. പക്ഷേ, അത് സംഭവിക്കുന്നില്ല. വർഷങ്ങളായുള്ള നിശ്ശേഷ്ടാവസ്ഥ യിൽനിന്ന് രോമഗ്രന്ഥികൾക്ക് പുനർ ജീവനം സാദ്ധ്യമല്ല. അവ അമർത്തപ്പെ ടുകയല്ല, നശിപ്പിക്കപ്പെടുന്നു.

ശക്തമായ പുരുഷലൈംഗികഹോർ മോണുകളും കഷണ്ടിത്തലയും തമ്മി ലുള്ള ബന്ധം വ്യാജമാവുന്നില്ലേ എന്ന സംശയം വരാം. അപ്പോൾ ഒരു പു തിയ സൂചന ദൃശ്യമാവുന്നു. പൗ രുഷം തുളുമ്പുന്ന വയസ്സന്റെ രൂപം ഒരു പ്രൗഢവൃദ്ധന്റേതാവുന്നു. മുടി നരയ്ക്കുന്നു. ഇത് കഷണ്ടിക്കാർക്കും മുടിയുള്ളവർക്കും ഒരുപോലെ സംഭ വിക്കാവുന്നതാണ്. അത് ജീവൽപ്ര ധാനമായ ഞാൻ വയസ്സനായി എന്ന സൂചന നൽകുന്നു.

മുടിയുടെ വർണനഷ്ടത്തെപ്പറ്റി പറയുമ്പോൾ നാം നരച്ച മുടി എന്നു പറയുന്നു. പക്ഷേ, അങ്ങനെ ഒന്നി ല്ല. ഒറ്റമുടികൾ നരയ്ക്കുകയല്ല; അവ നിറം ഉല്പാദിപ്പിക്കുന്നത് അവസാനി പ്പിക്കുകയാണ്. മുടി വെളുക്കുന്നു. നരച്ചമുടി പഴയ മൗലികവർണ്ണമുള്ള മുടിയിഴകളുടേയും, അവക്കിടയിൽ ചി തറിക്കിടക്കുന്ന പുതിയ ശുദ്ധവെളുത്ത മുടിയുടേയും മിശ്രമാണ്. ആദ്യമൊന്നും വെളുത്ത മുടി കണ്ടാൽ പെട്ടെന്ന് തി രിച്ചറിയില്ല. പക്ഷേ, അവയുടെ എണ്ണം മറ്റുള്ളവയുടേതുമായി താരതമ്യേന കൂടിയാൽ മൊത്തത്തിൽ നര ബാ ധിച്ചതായി തോന്നാം. ക്രമേണയായി കൂടുതൽ കൂടുതൽ രോമകൂപങ്ങൾ വർണ്ണോല്പാദനം നിർത്തി നരച്ചമുടി ഉല്പാദിപ്പിക്കുന്നത് കൂടിയാൽ ഈ വെ ളുത്ത മുടിയിഴകൾ ശേഷിച്ച അപൂർവ്വം നിറമുള്ള മുടികളെ പൊതിയുകയും വെളുത്ത മുടിക്കെട്ട് വാർദ്ധക്യത്തിന്റെ സൂചന നൽകുകയും ചെയ്യുന്നു.



പാട്ടുപോലെ മൗലികം കേശഭാരവും : ഗായകൻ എൽട്ടൺ ജോൺ കടപ്പാട്: റെക്സ് ഫീച്ചേഴ്സ്

മുടിയോടുള്ള സമൂഹമനോഭാവ ത്തെക്കുറിച്ച് പ്രതിപാദിക്കുന്നതിനു മുമ്പ് ശരീരശാസ്ത്രസംബന്ധിയായ ചില കാര്യങ്ങൾ വ്യക്തമാക്കട്ടെ. മനു ഷ്യന്റെ മുടിയ്ക്കുള്ള ഒരു അസാധാ രണത്വം അതിന്ന് സ്പർശനത്തിന്റെ അഭാവം ഉണ്ടെന്നുള്ളതാണ്. മറ്റു സസ്ത നികളുടെ മീശരോമത്തിനുള്ളതുപോ ലുള്ള സ്പർശനക്ഷമത മനുഷ്യരുടെ തലമുടിക്കില്ല. പൂച്ചയുടെ മീശരോമ ങ്ങൾ നമുക്കു പരിചിതമാണ്. തിമിം ഗിലങ്ങൾക്കും അതുപോലുള്ള മീശ രോമങ്ങളുണ്ട്. അവയില്ലാത്ത ഏക സസ്തനി മനുഷ്യനാണ്. മറ്റൊന്ന്, ദേ ഷ്യം വന്നാൽ നമ്മുടെ മുടി എഴുന്നു നില്ക്കുകയില്ല. അതിനുള്ള കഴിവ് മനുഷ്യനില്ല. ദ്വേഷ്യം വരുമ്പോൾ പല സസ്തനികൾക്കും ആകാരവലുപ്പം കൂടു ന്നതായി തോന്നും. പക്ഷേ, മനുഷ്യന് ഈ നാടകീയമായ രൂപാന്തരപ്രകടന ശേഷി നഷ്ടമായിരിക്കുന്നു. അതിൽ അദ്ഭുതമില്ല. നമ്മുടെ കുറുകിയ ശരീ രരോമങ്ങൾ എഴുന്നുനില്ക്കുന്നതുക ണ്ടാൽ ഒരു ചുണ്ടെലിപോലും ഭയക്കു കയില്ല. കോപാക്രാന്തരാവുമ്പോൾ നമ്മുടെ തലമുടി എഴുന്നുനില്ക്കാൻ പറ്റാത്ത തരത്തിൽ നീളവും തഴപ്പുമു ള്ളവയാണ്.

മുടി എഴുന്നുനിൽക്കാനുള്ള കഴിവ് നഷ്ടമായിട്ടുണ്ടെങ്കിലും രോമങ്ങളെ ചലിപ്പിക്കുന്നതിനുള്ള ശേഷി അവ യുടെ പേശികൾക്കുണ്ട്. 'അറക്ടർ പിലി' പേശികളെന്നാണ് അവയെ വിളിക്കുന്നത്. തണുത്തുവിറയ്ക്കു മ്പോഴും കഠിനമായ പേടിയുണ്ടാവു മ്പോഴും അവ നമ്മുടെ ശരീരത്തിൽ തടിപ്പുകൾ ഉളവാക്കും. ഈ വലിപ്പം വെക്കൽ ഇല്ലാത്ത രോമകവചത്തിന്റെ അഭാവത്തിൽ ശരീരവലുപ്പം തോന്നി പ്പിക്കാനുള്ള ശ്രമമാണ്. ഈ തടിപ്പ് കുടുങ്ങിയ വായുകൊണ്ട് ശരീരത്തെ പൊതിയുകയും ദേഹം ചൂടായി നിർ ത്താൻ സഹായിക്കുകയും ചെയ്യും.

# ഇന്ത്യാവാർത്ത മെഗാ ഓഫറുകൾ

വാങ്ങുന്നതിനായി **www.indiavarta.com** ലോഗിൻ ചെയ്യുക

☎ 095662 34256, 044-23457655 & 044-64600267 (9 am to 5 pm)



## Bridal Combo

- Princess Necklace Set
- Kundan Stone Bangle
- Kundan Stone Necklace Set
- Navratna Cz Stone Necklace Set
- Classic Gold Plated Necklace

Save 50%

Item Code: 830

₹ ~~2211~~

**Offer Price:₹ 1111**

**Shipping ₹ 150 extra**

## Massage Bed with 9 Massagers and Soothing Heat



Save 71%

- Designed Specifically to massage your Neck, Shoulder, Upper and Lower Back, Legs, Calves, etc.
- 9 Massage Motors
- 4 Massage Zones
- Dual speed control
- Comes with support pillow

Item Code: 690

₹ ~~6995~~

**Offer Price: ₹ 1999**

**Shipping ₹ 450 extra**

## 21 in 1 Ladies Watch



- Watch with Interchangeable Straps
- Exclusive gift item

Save 61%

₹ ~~1500~~

**Offer Price: ₹ 575**

Item Code: 471

**Shipping ₹ 100 extra**

(തുക: MO / DD / Debit Cards** / Credit Cards (Visa/Master/Amex) / Internet Banking / Online Transfer ആയി സ്വീകരിക്കും)

(ഡി.ഡി. **"Express Network Private Limited"** ന്റെ പേരിൽ എടുക്കേണ്ടതാണ്)

തുക അയയ്ക്കേണ്ട വിലാസം : Express Network Private Limited, Express Gardens, 29, 2nd Main Road, Ambattur Industrial Estate, Chennai - 600058.

ഇ മെയിൽ : shopping@indiavarta.com

ഓർഡർ സ്വീകരിക്കുന്നതിന് പിൻകോഡും ഫോൺനമ്പറും നിർബന്ധമായും സൂചിപ്പിക്കണം

**സൗജന്യമായി വീട്ടിൽ എത്തിക്കുന്നു!**

*(7 – 15 ദിവസങ്ങൾക്കകം)

INDIA VARTA .COM

വിതരണം ഞങ്ങളുടെ ഔദ്യോഗിക കൊറിയറിന്റെ സേവന പ്രദേശങ്ങളിൽ മാത്രം.
കൈപ്പറ്റാത്ത സാധനങ്ങളുടെ ചരക്കുകൂലി ഉപഭോക്താവ് വഹിക്കണം.
റദ്ദാക്കുന്ന ഓർഡറിൻമേൽ അടച്ച തുകയുടെ 10% ഈടാക്കുന്നതാണ്.
ചിത്രങ്ങൾ പരസ്യാവശ്യത്തിനു വേണ്ടി മാത്രം

ഈ ഉല്പന്നം വാങ്ങാൻ തീരുമാനിക്കുമ്പോൾ **www.indiavarta.com** പറഞ്ഞിരിക്കുന്ന ഉപാധികൾ ബാധകം. ഓഫറുകൾ ഉല്പന്നങ്ങളുടെ ലഭ്യത അനുസരിച്ച്.

എഴുന്നുനില്ക്കാൻ കഴിയുന്ന രോമങ്ങളുടെ പൊതുവായ കഴിവുകേടിന്ന് ഒരു അപവാദമുണ്ട്. അർദ്ധരാത്രിയിൽ ഇരുളടഞ്ഞവീട്ടിൽ ഒരു വാതിൽ തുറക്കുമ്പോഴുള്ള കിറുകിറ ശബ്ദത്തോടുള്ളതുപോലെയുള്ള പ്രതികരണമാണിത്. എന്റെ ശരീരം തണുത്തുറഞ്ഞുപോയെന്ന് പറയുന്നതു കേൾക്കാം. ഈ സ്തോഭം ആയിരക്കണക്കിന് 'അറക്ടർ പിലി' സൂക്ഷ്മപേശികൾ സങ്കോചിക്കുന്നതാണ്. എന്റെ മുടി എഴുന്നുനിന്നു എന്നാരെങ്കിലും പറയുന്നുണ്ടെങ്കിൽ അതിന്റെ അർത്ഥം അവരുടെ സ്തോഭസംഭ്രമങ്ങൾ ഏറ്റവും കൂടിയത് കഴുത്തിനുപിന്നിലായിരുന്നു എന്നാണ്. അതിനുകാരണം അവിടെയാണ് രോമം ഏറ്റവും കൂടുതൽ സാന്ദ്രതയിലുള്ളത്; അതിനാൽ ആ ഭാഗത്താണ് ഏറ്റവും ശക്തമായ പ്രതികരണമുണ്ടാവുന്നത്.

## മുടിയിലെ വർണവ്യത്യാസങ്ങൾ

നമ്മുടെ സസ്തനിബന്ധുക്കളിൽ നിന്നും രോമത്തിനു വ്യത്യാസമില്ലാത്തതിന്റെ ഒരു കാരണം ബന്ധപ്പെട്ട ചർമ്മഗ്രന്ഥികളുടെ സാന്നിദ്ധ്യമാണ്. ഈ സൂക്ഷ്മഗ്രന്ഥികൾ രോമമൂലത്തിന്റെ ഉള്ളിലുള്ള കൂപങ്ങളിലാണ്. അവ ഒരു എണ്ണമയമുള്ള സ്രവം ഉല്പാദിപ്പിക്കുന്നു: സെബം. ചർമ്മത്തിന്ന് എണ്ണമിനുപ്പു നല്കാനാണ് അത് ഉപകരിക്കുന്നത്. ആവശ്യത്തിലേറെ സെബം രോമത്തെ വഴുവഴുപ്പുള്ളതാക്കുന്നു. കുറഞ്ഞാൽ വരണ്ടതും. മുടി കറുക്കുന്നത് അവയിലെ അഴുക്കുനീക്കാൻ സഹായകമാകും; പക്ഷേ, അത് സഹജമായ സെബത്തേയും ഇല്ലാതാക്കും. കൂടുതലായി കഴുകുന്നതും കുറച്ചു കഴുകുന്നതും ഒരുപോലെ അപകടകരമാണ്.

ആരോഗ്യമുള്ള മനുഷ്യന്റെ മുടിക്ക് അസാമാന്യമായ ശക്തിയുണ്ട്. മുടിയിൽ കൊളുത്തി ചൈനീസ് കായികാഭ്യാസികൾ ഒരസൗകര്യവും പ്രകടിപ്പിക്കാതെ പല അഭ്യാസങ്ങളും കാണിക്കാറുണ്ട്. 160 ഗ്രാം വരെ തൂക്കമുള്ളവ ഒരൊറ്റ മുടിയിഴകൊണ്ട് പൊട്ടിക്കുന്നതിൽ ചൈനീസ്മുടി പ്രസിദ്ധമാണ്. മുടിയിഴ വലിച്ചാൽ വലിയുന്നതാണ്. പൊട്ടുന്നതിനുമുമ്പ് 20–30 ശതമാനംവരെ അത് വലിച്ചാൽ വലിയും. പൊതുവേ ചർമ്മത്തിന്റെ നിറമനുസരിച്ച് സാമാന്യം ലളിതമാണ് മുടിയുടെ നിറവ്യത്യാസം. ചർമ്മത്തിനും മുടിയ്ക്കും നിറം പകരുന്നത് ഒരേതരം ഗ്രന്ഥികളാണ്. സൂര്യപ്രകാശം കൂടുതലുള്ള രാജ്യങ്ങളിൽ ജീവിക്കുന്നവർക്ക് അവരുടെ രോമഗ്രന്ഥികളിൽ മുടിയ്ക്ക് നിറം പകരുന്ന നീണ്ട മെലാനിൻകണങ്ങൾ കുറേ അധികമുണ്ട്. അതുകൊണ്ടാണ് അവരുടെ മുടിയ്ക്ക് കറുപ്പുനിറം.

മിതശീതോഷ്ണരാജ്യങ്ങളിലുള്ളവരുടെ രോമഗ്രന്ഥികളിൽ മെലാനിൻ കുറവാണ്. അതിനാൽ അവരുടെ മുടി ഏകദേശം തവിട്ടുനിറമുള്ളതാണ്. തണുപ്പുകൂടുതലുള്ള സൂര്യപ്രകാശം കുറഞ്ഞ സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ താമസിക്കുന്നവരിൽ മെലാനിൻ പിന്നെയും കുറയുന്നു. അവരുടെ വിളറിയ മുടിയെ നാം സ്വർണ്ണത്തലമുടി (Blond-p£¢s) എന്നു വിളിയ്ക്കുന്നു. മെലാനിൻ ഒട്ടും ഇല്ലാത്ത ശരീരവും മുടിയും നന്നേ വെളുത്തവരുമായ ആൽബിനോകളുടെ മുടി വെളുത്തതാണ്.

ഈ വെളുപ്പും കറുപ്പുമായുള്ള ലളിതമായ തുലാസിനെ സങ്കീർണ്ണമാക്കുന്ന ഒരു ഘടകമുണ്ട്. ചില വ്യക്തികളിലെ മെലാനിൻ ഗ്രന്ഥികൾ ചെറുധാന്യാകൃതിക്കുപകരം ഉരുണ്ടതോ ദീർഘവൃത്താകൃതിയിലുള്ളവയോ ആണ്. കണ്ടാൽ ചുവപ്പാണവ. സാധാരണയായി നീണ്ട മെലാനിൻ ഗ്രന്ഥികളുടെ സ്ഥാനത്ത് അവ തനിയെ ഉണ്ടാവും. അവയുള്ള വ്യക്തി സ്വർണ്ണവർണ്ണമുടിയുള്ള ആളായിരിക്കും.

മെലാനിൻഗ്രന്ഥികൾ സാധാരണ നീണ്ട ആകൃതിയിലുള്ളവയാണെങ്കിൽ അതിന്റെ ഉടമസ്ഥൻ ചുവപ്പുകലർന്ന തവിട്ടുനിറമുള്ള മുടിയുള്ള ആളായിരിക്കും. അയാളെ ആഗ്നേയചുവപ്പുനിറമുള്ള ആളെന്നു വിളിക്കും. ഉരുണ്ട കണികകളേക്കാൾ കൂടുതലായി നീളത്തിലുള്ള കണികകളുണ്ടെങ്കിൽ മുടിയുടെ ചുവപ്പ് കറുപ്പനിടയിൽ മനസ്സിലാക്കാൻ കഴിയില്ല. പക്ഷേ, അത് അവിടെത്തന്നെയുണ്ടാവും, സൂക്ഷ്മമായ നിറക്കലർപ്പ് സൂചിപ്പിച്ചുകൊണ്ട്. നല്ല കറുപ്പുള്ള മുടിയിൽനിന്നും അത് വ്യത്യസ്തമായിരിക്കും.

ഓരോ മുടിനാരിഴയ്ക്കും വ്യത്യാസമുണ്ട്. ഇപ്പോൾ മൂന്നുതരങ്ങളാണ് തിരിച്ചറിഞ്ഞിരിക്കുന്നത്. ചുരുളൻ (ഹിലിയോട്രിക്സ്): ആഫ്രിക്കക്കാരുടെ പ്രത്യേകത അലകളായുള്ള തരംഗിത (സൈനോട്രിക്സ്): കൊക്കേഷ്യക്കാരുടെ പ്രത്യേകത, നേരേയുള്ളത്: (ലിയോട്രിക്സ്), കിഴക്കൻ രാജ്യങ്ങളുടെ പ്രത്യേകത. കാലാവസ്ഥാസ്ഥിതികളുമായി ബന്ധപ്പെട്ടാണ് ഈ മൂന്നു വംശീയവിഭജനങ്ങളുമെന്ന് അവകാശപ്പെടുന്നു. പക്ഷേ, ഈ ചിന്താഗതിക്ക് ധാരാളം ആക്ഷേപങ്ങളുമുണ്ട്. തലയ്ക്കുമുകളിൽ സൂര്യരശ്മികൾ കുത്തനെ പതിക്കുന്ന ആഫ്രിക്കൻ രാജ്യങ്ങളിൽ മുടിച്ചുരുളുകളുടെ വളയങ്ങൾ തലയിലെ ചർമ്മത്തിനും ബാഹ്യലോകത്തിനുമിടയിൽ ഒരു പടർപ്പുപോലെ തടസ്സം സൃഷ്ടിക്കുന്നു. ഈ മുടിക്കാടിന്നുള്ളിൽ കുടുങ്ങിക്കിടക്കുന്ന വായു, തല സൂര്യാഘാതമേറ്റ് അധികം ചൂടാകാതിരിക്കാൻ സഹായിക്കുന്നു. ഇത്തരം ഒരു നിഷ്പക്ഷ മേഖല ചൂടുകാലാവസ്ഥയിൽ വളരെ കാര്യക്ഷമമാണെങ്കിൽ അത് തണുത്ത കാലാവസ്ഥയിലും അതുപോലെ പ്രയോജനപ്രദമാണെന്ന് വാദിക്കാം. കാരണം തണുത്ത കാലാവസ്ഥയിലും മുടി തലയ്ക്കൊരാവരണമായി പ്രവർത്തിക്കും.

കൊക്കേഷ്യൻ വർഗ്ഗക്കാരുടെ അലകൾപോലെയുള്ള (തരംഗിത) മുടിക്ക് രണ്ട് പ്രശ്നങ്ങളുണ്ട്. ഒന്ന് അവരുടെ മുടി മാറുന്ന പരിസ്ഥിതികളുമായി യാതൊരു ബന്ധവുമില്ലാത്തവിധത്തിൽ, ചഞ്ചലമാണ്: ചിലപ്പോൾ നേരെ നില്ക്കുന്ന മുടിയിഴകൾ, മറ്റുചിലപ്പോൾ ചുരുണ്ടുനില്ക്കുന്നവ. രണ്ടാമതായി കൊക്കേഷ്യന്മാർ പാടെ വ്യത്യസ്തമായ അധിവാസങ്ങളിൽ വളരെ വിജയകരമായി ജീവിക്കുന്നു. തണുത്തുറഞ്ഞ സ്കാൻഡിനേവിയ മുതൽ ഉണങ്ങിവരണ്ട ഉഷ്ണരാജ്യങ്ങളായ അറേബിയയിലും ഇന്ത്യയിലും അവരുണ്ട്. കിഴക്കൻ രാജ്യങ്ങളിലെ ആളുകളുടെ നേരെയുള്ള മുടിയുടെ കാര്യത്തിലും ഇതു തന്നെയാണ് പ്രശ്നം. മുടിയിൽ അത്യല്പമായ വ്യത്യാസങ്ങളുണ്ടാകാം, പക്ഷേ, വിശാലമായ തെക്കു മുതൽ വടക്കുവരെയുള്ള രാജ്യങ്ങളിലെല്ലാം അവരുണ്ട്. ■

തുടരും